**ദി റെസിസ്റ്റൻസ് ഫ്രണ്ട് (TRF)-നെക്കുറിച്ചുള്ള യുണൈറ്റഡ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റിന്റെ പ്രസ്താവന(ജൂലൈ 18, 2025)**

ജൂലൈ 18, 2025

ദി റെസിസ്റ്റൻസ് ഫ്രണ്ടിനെ (TRF) ഒരു ഫോറിൻ ടെററിസ്റ്റ് ഓർഗനൈസേഷനായും(FTO) സ്പെഷ്യലി ഡെസിഗ്നേറ്റഡ് ഗ്ലോബൽ ടെററിസ്റ്റ് (SDGT) ആയും പ്രഖ്യാപിക്കാനുള്ള യുണൈറ്റഡ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ  തീരുമാനത്തെ ഇന്ത്യൻ ഗവൺമെന്റ് സ്വാഗതം ചെയ്തു. ഇക്കാര്യത്തിൽ സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുടെ നേതൃത്വത്തെ ഞങ്ങൾ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

2. പാകിസ്ഥാൻ ആസ്ഥാനമായുള്ള ഭീകര സംഘടനയായ ലഷ്കർ-ഇ-തയ്യിബയുടെ (LeT) പ്രതിനിധിയായ  TRF, 2025 ഏപ്രിൽ 22 ന് ജമ്മു കശ്മീരിലെ പഹൽഗാമിൽ സാധാരണക്കാർക്കെതിരെ നടന്ന ഹീനമായ ആക്രമണം ഉൾപ്പെടെ നിരവധി ഭീകര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിന്റെ  ഉത്തരവാദിത്തം അവർ രണ്ടുതവണ ഏറ്റെടുത്തിരുന്നു.

3. ഭീകരതയ്ക്കെതിരായ പോരാട്ടത്തിലും ഭീകരവാദ അടിസ്ഥാന സൗകര്യങ്ങൾ തകർക്കുന്നതിലും ആഗോള സഹകരണത്തിന്റെ ആവശ്യകത ഇന്ത്യ നിരന്തരം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഭീകരതയ്ക്കെതിരെ പോരാടുന്നതിൽ ഇന്ത്യയും യുണൈറ്റഡ് സ്റ്റേറ്റും തമ്മിലുള്ള ശക്തമായ സഹകരണം കാണിക്കുന്ന ഒരു പ്രധാനപ്പെട്ടതും സമയോചിതവുമായ നടപടിയാണ് TRFനെക്കുറിച്ചുള്ള ഈ പ്രസ്താവന.

4. ഭീകരതയോടുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാട് ഇന്ത്യ ശക്തമായി ഉയർത്തിപ്പിടിക്കുകയും ഭീകര സംഘടനകളെയും അവരുടെ സഹായികളെയും ശിക്ഷിക്കാൻ അന്താരാഷ്ട്ര പങ്കാളികളുമായി ചേർന്ന് പ്രവർത്തിക്കുന്നത് തുടരുകയും ചെയ്യും.

ന്യൂഡൽഹി

ജൂലൈ 18, 2025